**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3956** **17-03-2025 - ൽ മറുപടിയ്ക്ക്**

**വനിതകളിലെ ക്യാൻസർ രോഗസാധ്യത നിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനിതകളിലെ ക്യാൻസർ രോഗസാധ്യത നിർണയിക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (എ) | "ആരോഗ്യം ആനന്ദം -അകറ്റാം അർബുദം" എന്ന ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ നടപ്പിലാക്കിക്കൊണ്ട് സംസ്ഥാനത്തെ എല്ലാ 30 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും, ഒരു വർഷം കൊണ്ട് കാൻസർരോഗ സാധ്യത കണ്ടെത്തുന്നതിനും കണ്ടെത്തുന്നവർക്ക് ചികിത്സ ഉറപ്പാക്കുന്നതിനും ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 12 മാസം നീണ്ടു നിൽക്കുന്ന ക്യാമ്പയിൻ ആണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യഘട്ടമായി ലോക കാൻസർ ദിനമായ ഫെബ്രുവരി 4 മുതൽ ലോക വനിതാ ദിനമായ മാർച്ച് 8 വരെ സ്ത്രീകൾക്ക് മാത്രമായി സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നിവ നിർണയിക്കുന്നതിനുള്ള ഒരു ക്യാമ്പയിൻ ഊർജിതമായി നടത്തുകയുണ്ടായി. ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങൾ കാൻസർ സ്ക്രീനിംഗ് ക്ലിനിക്കുകളും ക്യാമ്പുകളും സജ്ജീകരിക്കുകയും 30 വയസ്സ് കഴിഞ്ഞ സ്ത്രീകളെ ഇവിടേക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീ സംഘടനകൾ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, വനിതാ വികസനത്തിനായി പ്രവർത്തിക്കുന്ന സംഘങ്ങൾ, വിവിധ വകുപ്പുകളിലെ സ്ത്രീ ജീവനക്കാർ സ്വകാര്യ മേഖലയിലെയും, പൊതുമേഖല സ്ഥാപനങ്ങളിലെ സ്ത്രീ ജീവനക്കാർ, ടെക്നോപാർക്കിലെ സ്ത്രീ ജീവനക്കാർ തുടങ്ങി സമസ്ത മേഖലകളിലെയും സ്ത്രീ ജീവനക്കാരുടെ സഹകരണം ഈ പദ്ധതിക്ക് ലഭിച്ചിരുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളുടെയും സന്നദ്ധ സംഘടനകൾ നടത്തുന്ന ആതുരാലയങ്ങളുടെയും സഹകരണം ഈ പദ്ധതിക്ക് നിർലോഭമായി ലഭിച്ചിരുന്നു. ഈ കാലയളവിൽ 12,70,948 പേർ സ്ക്രീനിങ്ങിന് വിധേയമായിട്ടുണ്ട്. 45,516 പേർ വിവിധ കാൻസറുകൾ സ്ഥിരീകരിക്കുന്നതിനായി വിദഗ്ധ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്തിട്ടുണ്ട്. ഇതിൽ 24,869 |

പേരെ ഗർഭാശയഗളാർബുദത്തിന് ആയും 2,692 പേരെ വദനാർബുദത്തിനായും 21,894 പേരെ സ്തനാർബുദത്തിനായും റഫർ ചെയ്തിട്ടുണ്ട്. നൂറിൽ പരം പുതിയ ക്യാൻസർ കേസുകൾ സ്ഥിരീകരിക്കുവാൻ സാധിച്ചു എന്നത് പദ്ധതിയുടെ ഉദ്ദേശലക്ഷ്യത്തെ സാധൂകരിക്കുന്നു. എല്ലാ പ്രാഥമികതല ആരോഗ്യ കേന്ദ്രങ്ങളിലും കാൻസർ നിർണയത്തിനായി പരിശോധന സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തു. ഇ-ഹെൽത്ത് വികസിപ്പിച്ച കാൻസർ കെയർ പോർട്ടൽ വിവരശേഖരണത്തിനായി വിജയകരമായി പ്രവർത്തിച്ചുവരുന്നു. കാൻസറിനെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ വർദ്ധിപ്പിക്കുന്നതിന് 10,000ത്തിലധികം ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇപ്രകാരം കണ്ടെത്തുന്ന രോഗികൾക്ക് വിദഗ്ധ ചികിത്സ ഒരുക്കുന്നതിനുള്ള നടപടികളും ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പൂർണമായും സൗജന്യമാക്കി കൊണ്ടും APL വിഭാഗത്തിലുള്ളവർക്ക് സൗജന്യ നിരക്കിലും ആണ് പരിശോധനകൾ നടത്തി വരുന്നത്. ഈ കാമ്പയിന്റെ തുടർച്ചയായി എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും കാൻസർ സ്ക്രീനിങ്ങിനായി പ്രത്യേക ക്ലിനിക്കുകളും സംവിധാനങ്ങളും ഒരുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

തുടർ പരിശോധനകൾക്കായി റഫർ ചെയ്യപ്പെടുന്നവർ കൃത്യമായി പരിശോധനകൾക്ക് വിധേയമാകുന്നുണ്ടെന്ന് ജില്ലാതലത്തിൽ ഉറപ്പാക്കുന്നതിനായി വകുപ്പിൽ പ്രത്യേക ടീം രൂപീകരിച്ചിട്ടുണ്ട്.

ക്യാൻസർ സ്ക്രീനിംഗിൽ രോഗം സംശയിക്കുന്നവർക്ക് തുടർ പരിശോധനകൾക്കായി ഹയർ സെൻ്ററുകളിലേക്ക് റഫർ ചെയ്യുന്നു. ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ത്രിതീയ തല ക്യാൻസർ സെന്ററുകൾ എന്നിവിടങ്ങളിൽ മാമോഗ്രാം, അൾട്രാസൗണ്ട് സ്കാൻ, പാപ്സ്മിയർ, കോൾപോസ്കോപ്പി, FNAC, ബയോപ്സി മുതലായ സൗകര്യങ്ങളും തുടർപരിശോധനകൾക്കായി ഒരുക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിലുള്ള ആശുപത്രികളെയും ഈ പരിപാടിയിൽ ഭാഗമാക്കിയിട്ടുണ്ട്.

ഇതിലൂടെ രോഗം സ്ഥിരീകരിക്കുന്നവരെ ക്യാൻസർ രോഗ ചികിത്സയ്ക്കായി മെഡിക്കൽ കോളേജുകൾ, ത്രിതീയ തല ക്യാൻസർ സെൻ്ററുകൾ

എന്നിവിടങ്ങളിലേക്ക് റഫർ ചെയ്ത ചികിത്സ ഉറപ്പാക്കുന്നുണ്ട്.

മെഡിക്കൽ കോളേജുകളിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക കോർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. റേഡിയോതെറാപ്പി, ജനറൽ സർജറി, ഗൈനക്കോളജി, റേഡിയോ ഡയഗ്നോസിസ്, പത്തോളജി, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ വകുപ്പ് തലവൻമാർ കമ്മിറ്റിയിൽ മെമ്പർമാരാണ്. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നോഡൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. പ്രതിദിന അവലോകനം മെഡിക്കൽ കോളേജുകളിൽ നടന്നുവരുന്നുണ്ട്.

റീജിയണൽ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ സമൂഹത്തിൽ കണ്ടു വരുന്ന പ്രധാനപ്പെട്ട കാൻസറുകളായ സ്തനാർബുദം, ഗർഭാശയഗള അർബുദം, വദനാർബുദം എന്നിവയുടെ മുൻകൂർ രോഗനിർണയവും തുടർ നിരീക്ഷണവും നടന്നുവരുന്നു.

ആർസിസി-യുടെ നേതൃത്വത്തിൽ കൊല്ലം ജില്ലയിൽ നീണ്ടകരയിലും, എറണാകുളം ജില്ലയിലെ കല്ലൂരിലും, പാലക്കാട് ജില്ലയിൽ കഞ്ചിക്കോട്ടും പ്രവർത്തിക്കുന്ന മുൻകൂർ രോഗനിർണയ കേന്ദ്രങ്ങളിൽ ഈ സേവനങ്ങൾ ലഭ്യമാണ്.

സംസ്ഥാനത്ത് മുൻകൂർ രോഗ നിർണയത്തിനായി സമൂഹത്തിലെ എല്ലാ തട്ടിലുള്ള ജനങ്ങൾക്കും ഉപകാരപ്രദമാകുന്ന രീതിയിലാണ് സംസ്ഥാന ഗവൺമെൻറ് കാൻസർ ഗ്രിഡ് രൂപീകരിച്ചത്. ഗ്രിഡ് ആശുപത്രികളിൽ തുടർ പരിശോധനക്കും, നിരീക്ഷണത്തിനും സൗകര്യം ലഭ്യമാണ്.

ആരോഗ്യം ആനന്ദം-അകറ്റാം കാൻസർ പരിപാടിയുടെ ഭാഗമായി എംസിസി (പി.ജി.ഐ.ഒ.എസ്.ആർ)യിൽ ഒരു സ്ക്രീനിംഗ് ഡെസ്ക് പ്രവർത്തനം ആരംഭിച്ചു. ജീവനക്കാരും പൊതുജനങ്ങളും ആ സേവനം വിനിയോഗിച്ചു. 202 ആളുകൾ സ്ക്രീൻ ചെയ്യപ്പെട്ടു. (സ്തനപരിശോധന -193, ഗർഭാശയഗളപരിശോധന -177, പാപ് സ്മിയർ പരിശോധന -175, മാമ്മോഗ്രാം -38, അൾട്രാ സൗണ്ട് സ്കാൻ -15). ഈ പരിശോധനയിലൂടെ രോഗം നിർണ്ണയിക്കപ്പെട്ട 7 പേർ എംസിസിയിൽ ചികിത്സയിൽ ആണ്. ഈ പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി MLSP, ഡോക്ടർമാർ, ടെക്നീഷ്യന്മാർ എന്നിവർക്ക് പരിശീലനം നൽകി. കൂടാതെ PHC /

| | | | |
|---|---|---|---|
| | | | FHC കളിൽ നേരത്തെ അർബുദം നിർണയിക്കുന്നതിനുള്ള ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങളും പരിശീലനവും നൽകി കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ